DESPATCHED
On..20/2/2020
29.1.20.


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic@kerala.nic.in


ഹർജി നമ്പർ **AP 2402(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.15254/SIC-Gen5/2016**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി. വി. രമാദേവി,
കല്പന,
ഉഷസ്സ് നഗർ നമ്പർ 3,
അയത്തിൽ പി.ഒ., കൊല്ലം.21. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വാല്യുവേഷൻ അസിസ്റ്റന്റ്, ദേശീയപാത പൊന്നുംവില സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം(എൽ.എ.എൻ.എച്ച്), സിവിൽസ്റ്റേഷൻ, കൊല്ലം.
2. അപ്പീൽ അധികാരി & സ്പെഷ്യൽ തഹസിൽദാർ, ദേശീയപാത പൊന്നുംവില സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം(എൽ.എ.എൻ.എച്ച്), സിവിൽസ്റ്റേഷൻ, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 8.8.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 31.8.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 26.9.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 7.11.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 5.12.2016 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 7.12.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23.1.2017,17.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 25.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരി ഹാജരുണ്ടായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. വി. രമാദേവി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി ടിയാൾക്ക് നൽകിയ മറുപടിയിൽ അറിയിച്ചത്, റിക്കാർഡുകൾ പരിശോധിച്ചതിൽ

ടിയാൻ ആവശ്യപ്പെട്ട ഉത്തരവ് കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നാണെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാക അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതു പ്രകാരം ബന്ധപ്പെട്ട രേഖകൾ കണ്ടെത്തുന്നതിലേയ്ക്കായി ഒന്നാം എതിർകക്ഷി ഓഫീസിലെ സെക്ഷൻ ക്ലാർക്കിനെയും ഒ.എയെയും രേഖാമൂലം ചുമതലപ്പെടുത്തിയെങ്കിലും അവ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നു അറിയിച്ച് അപ്പീൽ തീർപ്പാക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നും ടിയാൾ ആവശ്യപ്പെട്ട വിവരം ബഹു: ഹൈക്കോടതിയിൽ ആർ.എസ്.എ നമ്പർ 1367/2015 നമ്പർ കേസിൽ ഹാജരാക്കുന്നതിനുവേണ്ടി ആണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി പ്രസ്താവിച്ചത്, പന്തല്ലാവിള വീട്ടിൽ വാസുദേവൻ വൈദ്യൻ മകൻ രാജന്റെ വക റീസർവ്വെ 425/14ൽപ്പെട്ട 17.20 ആർ വസ്തുവിൽ നിന്നും 2.25 ആർ വസ്തു നാഷണൽ ഹൈവേ കൊല്ലം ബൈപാസ്സിനു വേണ്ടി ഗവൺമെന്റ് അക്വയർ ചെയ്ത പ്രകാരം 17.20 ആർ വസ്തുവിൽ നിന്നും 2.25 ആർ വസ്തു കുറവ് വരുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ മേൽപ്പടി രാജന്റെ വസ്തുവിൽ നിന്നും 1992-ൽ 2.25 ആർ വസ്തു അക്വയർ ചെയ്ത് എടുത്തതിന് കൊല്ലം എൽ.എ (എൻ.എച്ച്) സ്പെഷ്യൽ തഹസിൽദാർ 1992-ൽ പുറപ്പെടുവിച്ച എ2.285/92-ാം നമ്പർ ഉത്തരവിന്റെ പകർപ്പ് നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, എ2-285/92-ാം നമ്പർ ഉത്തരവ് കൊല്ലം ദേശീയപാത പൊന്നുംവില സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് കണ്ടെത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിനെയും ഒ.എയെയും ചുമതലപ്പെടുത്തിയിരുന്നു എന്നും എന്നാൽ മേൽപ്പടി പകർപ്പ് കണ്ടെത്താനായില്ലെന്നും ആയതിനാൽ മേൽക്കാര്യം ഹർജിക്കാരിയെ അറിയിച്ച് അപ്പീൽ തീർപ്പാക്കുന്നു എന്നാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കൊല്ലം ബൈപ്പാസ് നിർമ്മാണത്തിനായി ഹർജിക്കാരിയുടെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള രാജന്റെ വക സർവ്വെ നമ്പർ 3518/19, 3372/5, 3519/2 എന്നിവയിലുള്ള 01.90 ആർസ്, 00.47 ആർസ്, 00.02 ആർസ് വസ്തുക്കൾ ഏറ്റെടുത്തിരുന്നു എന്നും എന്നാൽ ഹർജിക്കാരിയുടെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന സർവ്വെ നമ്പർ 425/14 ൽപ്പെട്ട വസ്തുക്കൾ വടക്കേവിള വില്ലേജിലെ കൊല്ലം ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടില്ലാത്തതാണെന്നും മേൽപ്പടി ബൈപ്പാസ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് 4(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചത് 5.8.1989 ലും നടപടികൾ പൂർത്തീയാക്കി അവാർഡ് പാസ്സാക്കിയത് 1990-91 ലും ആയിരുന്നു എന്നും മേൽപ്പടി സമയത്ത് പഴയ സർവ്വെ നമ്പർ പ്രകാരമാണ് ഭൂമി ഏറ്റെടുത്തിരുന്നത് എന്നും ആയതിനുശേഷമാണ് റിസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതെന്നും കോറിലേഷൻ രജിസ്റ്റർ പ്രകാരം പഴയ സർവ്വെ നമ്പർ അനേകം സർവ്വെ നമ്പറുകളിൽ ആയിരിക്കുന്നതിനാൽ ആയത് എതിർകക്ഷി ഓഫീസിൽ കണ്ടെത്താൻ നിർവ്വാഹമില്ലാത്തതാണെന്നും മേൽപ്പടി ബൈപ്പാസിനുവേണ്ടി വടക്കേവിള വില്ലേജിൽ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട്

പോസ്റ്റ് അവാർഡ് നടപടികൾ സ്വീകരിക്കുന്നതിനായി വില്ലേജ് ഓഫീസിലെ റിക്കാഡുകളിൽ മാറ്റം വരുത്തുന്നതിനായി ബന്ധപ്പെട്ട റിക്കാർഡുകൾ ബി5/92-ാം നമ്പർ ഫയൽ മുഖാന്തിരം കൊല്ലം അഡീഷണൽ തഹസിൽദാർക്ക് നൽകിയെങ്കിലും ആയതു പൂർത്തീകരിച്ച് നാളിതുവരെ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെന്നും ഹർജിക്കാരിയുടെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള എ2-285/92 എന്ന ഉത്തരവ് എതിർകക്ഷി ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതാണെന്നും അക്വയർ ചെയ്യുന്ന വസ്തുക്കളിൽ വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർക്കാണ് നിർദ്ദേശം നൽകി വരുന്നത് എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ എ2-285/92 എന്ന ഉത്തരവ് എതിർകക്ഷി സ്ഥാപനത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ളതല്ലെന്നും ആയതിനാൽ മേൽപ്പടി രേഖ കണ്ടെത്തി നൽകാനായിട്ടില്ലെന്നും കാണുന്നു. ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ കൊല്ലം അഡീഷണൽ തഹസിൽദാർ ഓഫീസിൽ കാണപ്പെടാനുള്ള സാദ്ധ്യത ഏറെയായതിനാൽ ഹർജിക്കാരിയുടെ അപേക്ഷയുടെ പകർപ്പ് ഒന്നാം എതിർകക്ഷി മേൽപ്പടി ഓഫീസിലേക്ക് അയച്ചു നൽകണമെന്നും ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് കൊല്ലം അഡീഷണൽ തഹസിൽദാർ ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ച് ഹർജിക്കാരിയ്ക്ക് നൽകണമെന്നും കമ്മീഷൻ ഉത്തരവാകുന്നു. അപ്രകാരംതന്നെ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ വടക്കേവിള വില്ലേജ് ഓഫീസിൽ ലഭ്യമാണോ എന്ന് പരിശോധിക്കുന്നതിലേയ്ക്കും ഹർജിക്കാരിയുടെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ റീസർവ്വെ നമ്പർ 425/14 പ്രകാരമുള്ള പഴയ സർവ്വെ നമ്പർ കോറിലേഷൻ രജിസ്റ്റർ പ്രകാരം കണ്ടെത്തുന്നതിലേയ്ക്കുമായി ഹർജിക്കാരിയുടെ അപേക്ഷയുടെ പകർപ്പ് ഒന്നാം എതിർകക്ഷി വടക്കേവിള വില്ലേജ് ഓഫീസിലേയ്ക്ക് അയച്ചു നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. മേൽപ്പടി വില്ലേജ് ഓഫീസിൽ ഹർജിക്കാരി ആവശ്യപ്പെട്ട ഏതെങ്കിലും വിവരം ലഭ്യമാണെങ്കിൽ ആയത് ഹർജിക്കാരിയ്ക്ക് വടക്കേവിള വില്ലേജ് ഓഫീസിൽ നിന്നും അയച്ചു നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk